പതിനാലാം കേരള നിയമ സഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6419 | 21.11.2019- ൽ മറുപടിക്ക്

## മാവേലിക്കരയിലെ നൂറനാട് മുക്കാട് പാലം നിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആർ. രാജേഷ്: | | ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
| (എ) | മാവേലിക്കര മണ്ഡലത്തിൽ എം.എൽ.എ എ.ഡി.എസ്-ൽ ഉൾപ്പെടുത്തി അനുവദിച്ച നൂറനാട് മുക്കാട് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും വിഭാഗം സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | ആലപ്പുഴ ജില്ലയിലെ മാവേലിക്കര നിയോജക മണ്ഡലത്തിലെ നൂറനാട് മുക്കാട് പാലം നിർമ്മാണത്തിനായി ജി.ഒ(ആർ.ടി) നമ്പർ 1889/2018/PWD തിയ്യതി 06/12/2018 പ്രകാരം 150 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 11/01/2019-ൽ ചീഫ് എഞ്ചിനീയർ പാലം വിഭാഗം പ്രസ്തുത നിർമ്മാണ പ്രവൃത്തിക്ക് 150 ലക്ഷം രൂപയുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. തുടർന്ന് പണി ടെണ്ടർ ചെയ്ത് 1,29,99,227/- രൂപയ്ക്ക് 21/02/2019-ന് കരാർ നൽകുകയും ചെയ്തു. |
| (ബി) | പ്രസ്തുത പാലം നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള കാലതാമസം എന്താണെന്ന് വിശദമാക്കാമോ; | (ബി) & (സി) | പാലം നിർമ്മാണത്തിനായി 2019 ഫെബ്രുവരി 26-ാം തീയതിയിൽ സൈറ്റ് കൈമാറിയെങ്കിലും മഴക്കാലമായതിനാൽ പണികൾ ആരംഭിക്കുവാൻ സാധിച്ചില്ല. ഇപ്പോൾ മഴക്കാലം കഴിഞ്ഞതിനാൽ 2019 നവംബർ മാസത്തിൽ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പാലത്തിന്റെ നിർമ്മാണം 2020 ജനുവരി മാസത്തോടുകൂടി പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | കാലതാമസത്തിനുള്ള കാരണം പരിഹരിച്ച് ഇത് പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ